II ഇ.ബി.XIV-കേരള നിയമസഭ/VII-2

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ആഗസ്റ്റ് 08, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

4 (*31) ചരക്ക് സേവന നികുതി നടപ്പാക്കിയ ശേഷമുള്ള വില വർദ്ധന

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ജി.എസ്.ടി. നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ടെന്നും വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ആ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാത്തതാണ് വിലക്കയറ്റത്തിന് കാരണമാകുന്നതെന്നുള്ള വസ്തുത ജി.എസ്.ടി. കൗൺസിലിൽ ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കുവേണ്ടി നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി. വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി

പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി.-യിൽ നികുതി ഒഴിവായിട്ടും കോഴിയുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ സർക്കാർ ഇടപെടലിന്റെ ഫലമായി വില നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടെന്നും നികുതി നിരക്കിൽ വന്ന ഇളവുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജി.എസ്.ടി.-യെ സംബന്ധിച്ച അവ്യക്തതകൾ പരിഹരിക്കാൻ വ്യാപാരി സംഘടനകളുമായി ചർച്ച നടത്തുകയും എല്ലാ ജില്ലകളിലും വ്യാപാരി വ്യവസായ സംഘടനകളുടെ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ടുള്ള കമ്മിറ്റികൾ രൂപീകരിക്കുകയും ജി.എസ്.ടി.യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ജി.എസ്.ടി.യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാൻ ശക്തമായ നടപടി കേന്ദ്ര സർക്കാർ സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. വിതരണം ചെയ്യപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കിലെ കുറവും വ്യാപാരികൾക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുപാതിക ആനുകൂല്യവും ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാക്കുക എന്ന

ലക്ഷ്യത്തോടെ ജി.എസ്.ടി. നിയമത്തിലെ 171-ാം വകുപ്പ് പ്രകാരം ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റി രൂപീകരിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആന്റി പ്രോഫിറ്ററിംഗ് പരിശോധിക്കാനുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികളുമുണ്ട്. അതോറിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതും ശക്തമായ ബഹുജന പ്രക്ഷോഭം സംഘടിപ്പിക്കുന്നതുമാണ്. എം.ആർ.പി.-ക്ക് മുകളിൽ ജി.എസ്.ടി.-യായി ബില്ലുകൾ എഴുതുന്നതായി മനസ്സിലായാൽ ലീഗൽ മെട്രോളജി വകുപ്പിന്റെ വ്യവസ്ഥകൾ പ്രകാരം നടപടികളെടുക്കുകയും നിലവിലുള്ള സ്റ്റോക്കിൽ എം.ആർ.പി. രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അതിൽ ഇടപെടാൻ കഴിയില്ലെങ്കിലും കമ്പനികൾ പുതിയ ഉല്പന്നങ്ങൾ ഇറക്കുമ്പോൾ ആനുപാതികമായി എം.ആർ.പി.യിൽ കുറവുണ്ടായില്ലെങ്കിൽ അക്കാര്യം ലിസ്റ്റ് ചെയ്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നതാണ്. 75 ലക്ഷത്തിനും 1½ കോടി രൂപയ്ക്കും ഇടയ്ക്കുള്ള ചെറുകിട വ്യവസായങ്ങളുടെ ഉല്പന്നങ്ങൾക്ക് നികുതിയിളവ് ലഭിക്കുന്നത് സംബന്ധിച്ചും ലീനിയർ അക്സിലറേറ്റർ ഉൾപ്പെടെയുള്ള മെഡിക്കൽ എക്യുപ്മെന്റ്സിന് ജി.എസ്.ടി. ബാധകമാക്കിയിരിക്കുന്നത് സംബന്ധിച്ചും 9-ാം തീയതി നടക്കുന്ന കൗൺസിലിൽ ചർച്ച ചെയ്യുന്നതാണ്. ധാരാളം പരോക്ഷ നികുതികൾ

സമാന്തരമായി ചുമത്തുന്നതിന് പകരം ഒറ്റ നികുതി ചുമത്തിയാൽ കണക്കുകൂട്ടുന്നതിനും വ്യാപാരം ചെയ്യുന്നതിനും കൂടുതൽ സൗകര്യമാണ്. ഇറിഗേഷൻ, തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പ് സെക്രട്ടറിമാർ ഓരോയിനം പ്രവൃത്തിക്കും ശരാശരി എത്ര ഇൻപുട്ട് ലഭിക്കുമെന്നും സർക്കാർ വർദ്ധിപ്പിക്കുന്ന അധിക എസ്റ്റിമേറ്റ് എത്രയാണെന്നും അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. സർക്കാർ കരാറുകളുടെ നികുതി 18-ൽ നിന്നും 12 ശതമാനമാക്കി ചുരുക്കിയിട്ടുണ്ടെന്നും നികുതിയിൽ മാറ്റം വരുത്തുന്നതിന് ജി.എസ്.ടി. കൗൺസിലിനാണ് അധികാരമുള്ളതെന്നും സംസ്ഥാന സർക്കാരിന് പുതുതായി നിരക്ക് കൂട്ടാനോ കുറയ്ക്കാനോ അവകാശമില്ലെന്നും പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ചർച്ച ചെയ്ത് സമഗ്രമായ നിയമത്തിന് രൂപം നൽകാമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

5 (* 32) <u>ഊർജ്ജോത്പാദനത്തിനുള്ള പദ്ധതികൾ</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, ഊർജ്ജോൽപ്പാദനത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിൽ 16 പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി 3.17

മെഗാവാട്ട്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ 1.15 മെഗാവാട്ട്, 8 സർക്കാർ സ്കൂളുകളുടെ മേൽക്കൂരകളിലായി 0.04 മെഗാവാട്ട്, തെക്കൻ മേഖലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 57.5 കിലോവാട്ട് എന്നിങ്ങനെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെന്നും കാറ്റിൽനിന്നും ഊർജ്ജോൽപ്പാദനം നടത്തുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 6.125 മെഗാവാട്ട് ശേഷിയുള്ള പദ്ധതികളും സ്വകാര്യ വ്യക്തികൾ 112 മെഗാവാട്ട് ശേഷിയുള്ള പദ്ധതികളും വിഭാവന ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കെ.എസ്.ഇ.ബി.യുടെ അധീനതയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന 165 മെഗാവാട്ട് സ്ഥാപിത ശേഷിയും 522.48 ദശലക്ഷം യൂണിറ്റ് വാർഷിക ഉൽപ്പാദന ശേഷിയുമുള്ള 9 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ-ബോർഡ് തലങ്ങളിൽ അവലോകനം നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം അരിപ്പാറ, ആനക്കാംപൊയിൽ എന്നിവിടങ്ങളിലും 8.515 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം വിവിധ ജില്ലകളിലായും നടന്നുവരുന്നു. അനെർട്ട് മുഖാന്തിരം നടപ്പിലാക്കിവരുന്ന ശൃംഖലാബന്ധിത സൗരോർജ്ജ

പദ്ധതിയായ സോളാർ കണക്ട് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സോളാർ സ്മാർട്ട് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണെന്നും അനെർട്ടിന്റെ ടെക്നിക്കൽ കൺസൾട്ടൻസി സ്കീമിലുൾപ്പെട്ട സൗരോർജ്ജ പവർ പ്ലാന്റുകൾ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ആശുപത്രികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കുകയുണ്ടായി. സംസ്ഥാനത്ത് ദൈനംദിനം വേണ്ടിവരുന്ന ശരാശരി 70 ദശലക്ഷം യൂണിറ്റോളം വൈദ്യുതിയിൽ 13 ദശലക്ഷത്തോളം യൂണിറ്റ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നും 57 ദശലക്ഷത്തോളം യൂണിറ്റ് സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ ഉൽപ്പാദകർ, സംസ്ഥാനത്തിന് പുറത്തുള്ള കേന്ദ്ര വൈദ്യുത നിലയങ്ങൾ, ദീർഘകാല/ഹ്രസ്വകാല കരാറിലൂടെ, വൈദ്യുത വ്യാപാരികൾ, പവർ എക്സ്ചേഞ്ച് എന്നിവയിൽ നിന്നും വാങ്ങേണ്ടിവരുമെന്നും വേനൽക്കാലത്ത് ദൈനംദിനം 80 ദശലക്ഷത്തോളം യൂണിറ്റ് വൈദ്യുതി വേണ്ടിവരുമെന്നും മന്ത്രി അറിയിച്ചു. ജലവൈദ്യുത പദ്ധതിക്ക് പരിമിതിയുള്ളതിനാൽ സൗരോർജ്ജ പദ്ധതി വിപുലീകരിക്കാനാണ് സർക്കാരും ഇലക്ട്രിസിറ്റി ബോർഡും ലക്ഷ്യമിടുന്നത്. വൈദ്യുതി ഉൽപ്പാദന രംഗത്ത് എല്ലാവിധ സാദ്ധ്യതകളും ഉപയോഗപ്പെടുത്തണമെന്ന

കാഴ്ചപ്പാടിന്റെയടിസ്ഥാനത്തിൽ കാറ്റിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതടക്കമുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും പ്രാധാന്യം നൽകുന്നതോടൊപ്പം സ്വകാര്യ വൈദ്യുതി ഉൽപ്പാദകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന നയമാണ് സർക്കാരിനും ബോർഡിനുമുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർമ്മാണം നിലച്ചുപോയ പള്ളിവാസൽ എക്സ്റ്റൻഷൻ അടക്കമുള്ള പദ്ധതികൾ പുനരാരംഭിച്ചിട്ടുണ്ടെന്നും അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് സമവായത്തിന് ശ്രമിക്കുന്നതാണെന്നും കൂടംകുളത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ലൈൻ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 363 മുതൽ 698 വരെയുള്ള ചോദ്യങ്ങളിൽ 170 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)